കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെമ്മരുതി ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ജില്ലാ
ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1840/2017 തീയതി: 11.09.2017

Phone No: 0471-2331231

Email: lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെമ്മരുതി ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം : ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയപകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.7/1840/2017 തീയതി: 11.09.2017

## തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4),1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13,1996 ലെ കേരള ലോക്കൽ ഫണ്ട് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 27-11-2016 മുതൽ 30.03.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത് സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഇല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.ജമാലുദ്ദീൻ. എ.,ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-08-2017 മുതൽ 26-08-2017 വരെ.

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീമതി ലേഖ എം എൽ(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ. അരുൺദേവ്.വി ആർ,( ഓഡിറ്റർ)

ശ്രീ. വിനുകുമാർ പി കെ ( ഓഡിറ്റർ)

(ബി) നിർവ്വഹണാധികാരികൾ

പ്രസിഡന്റ് : ശ്രീ.എ.എച്ച്.സലീം 01.04.2016 മുതൽ 31.03.2017വരെ

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | സെക്രട്ടറി | ശ്രീ.ഡി.സജ്ജുലാൽ | 01-04-2016 മുതൽ 30-05-2016 വരെ |

| | | | |
|---|---|---|---|
| | | - | 01.06.16-05.06.16 ലഭ്യമാക്കിയില്ല. |
| | | ശ്രീമതി.എസ്.ലതാകുമാരി | 06-06-2016 മുതൽ 01-08-2016 വരെ |
| | | ശ്രീ.സജീന്ദ്രബാബു, ശ്രീനന്ദനം, തോക്കാട് പി.ഒ, വർക്കല | 01-08-2016 മുതൽ 25-08-2016 വരെ |
| | | ശ്രീ.കെ.പി.സുനിൽകുമാർ<br>മയൂരം, SRA 102A, ശാസ്താനഗർ, പാങ്ങോട്, തിരുവനന്തപുരം | 25-08-2016 മുതൽ 31-03-2017 വരെ |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ II | ശ്രീ.ബിജു.ജി<br>ജയഭവൻ, പരവൂർ പി.ഒ, കൊല്ലം | 01.04.2016 മുതൽ 31.03.2017വരെ |
| | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - സർക്കിൾ I | ശ്രീ.പ്രവീൺ.എം,<br>പ്രവീൺനിവാസ് , കാവുവിള, പോത്തൻകോട് | 01.04.2016 മുതൽ 31.03.2017വരെ |
| 3 | വെറ്ററിനറി സർജൻ | ശ്രീമതി.അർച്ചന സത്യൻ<br>രാജേശ്വരി, ആനയറ പി.ഒ, തിരുവനന്തപുരം | 01.04.2016 മുതൽ 31.03.2017വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ശ്രീ.അൻവർ അബ്ബാസ്, അറഫ, തോന്നയ്ക്കൽ പി.ഒ, മംഗലപുരം | 01.04.2016 മുതൽ 31.03.2017വരെ |
| 5 | അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ഹസ്റാ മോൾ.യു<br>TC 11/817, മുല്ലടത്ത് മൻസിൽ, നളന്ദ ജംഗ്ഷൻ, കവടിയാർ | 01.04.2016 മുതൽ 31.03.2017വരെ |

| | | | |
|---|---|---|---|
| | | പി.ഒ | |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രമാദേവി.എസ് ബാലരമ, ജനാർദ്ദനപുരം, വർക്കല | 01.04.2016 മുതൽ 31.01.2017വരെ |
| | | ശ്രീമതി.മുബീന.എ സി.വി.ഹൗസ്, ആലംകോട് | 01.02.2017 മുതൽ 31.03.2017വരെ |
| 7 | കൃഷി ഓഫീസർ | ശ്രീ.കെ.ശശിധരൻ, സോപാനം, പകൽകുറി പി.ഒ, 695604, തിരുവനന്തപുരം | 01.04.2016 മുതൽ 31.03.2017വരെ |
| 8 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ശ്രീമതി.ഷീജരാജൻ ടി.കെ.എസ് മന്ദിരം, കുന്നത്തുർ, ചിറയിൻകീഴ് പി.ഒ | 01.04.2016 മുതൽ 31.03.2017വരെ |
| 9 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.നിഷ.യു, നാരായണീയം, ശിവഗിരി റോഡ്, വർക്കല | 01.04.2016 മുതൽ 18.08.2016വരെ |
| | | - | 19.08.16–26.08.16 ലഭ്യമാക്കിയില്ല |
| | | ശ്രീമതി.സൗമ്യ ശശിധരൻ സൗഭാഗ്യ, മോസ്ക് ലൈൻ, ഹൗസ് നം 100, കേശവദാസപുരം | 27.08.2016 മുതൽ 31.03.2017വരെ |

| | | | |
|---|---|---|---|
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽ.പി.എൻ<br>TC 9/1452, ശ്രീകാര്യം | 01.04.2016 മുതൽ 19.08.2016വരെ |
| | | - | 20.08.16-31.08.16<br>ലഭ്യമാക്കിയില്ല |
| | | ശ്രീ.സലിൻ.എ സോണി, കാർത്തിക, മുടവൂർപാറ, ബാലരാമപുരം 695501 | 01.09.2016 മുതൽ 07.01.2017വരെ |
| | | - | 08.01.17-18.01.17<br>ലഭ്യമാക്കിയില്ല |
| | | ശ്രീ.ഗോപകുമാർ.കെ.ജി, കോട്ടൂർ വീട്, മനക്കര, ശാസ്താംകോട്ട പി.ഒ, കൊല്ലം | 19.01.2017 മുതൽ<br>31.03.2017 വരെ |
| 11 | ഹെഡ് മിസ്ട്രസ് | ശ്രീമതി.ഗീതാകുമാരി.എസ്<br>ഗീതം, പൂതക്കുളം, കൊല്ലം 691302 | 01.04.2016 മുതൽ 31.03.2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം - 2 | | | |
| 12 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം. | 2-1 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-2 | |

| | | | |
|---|---|---|---|
| | | | |
| 14 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 | |
| 15 | തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിൽകുറവ് | 2-4 | |
| 16 | പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല | 2-5 | |
| 17 | കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത | 2-6 | |
| ഭാഗം - 3 | | | |
| 18 | ഭവനപുനരുദ്ധാരണം (പട്ടികജാതി വനിത) - ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ അപാകത - 50000/-രൂപ തടസ്സപ്പെടുത്തുന്നു | 3-1 | |
| 19 | പുഷ്പകൃഷി, ഔഷധ സസ്യകൃഷി - മാർഗരേഖ അധികരിച്ച് തുകചെലവഴിച്ചു | 3-2 | |
| 20 | വി.ഇ.ഒ യുടെ അക്കൗണ്ടിൽ അധികമായി അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്. | 3-3 | |

| | | | |
|---|---|---|---|
| 21 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ | 3-4 | |
| 22 | എസ്.എൽ.ഐ., ജി.ഐ.എസ്. വരിസംഖ്യ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒടുക്കുവരുത്തിയിട്ടില്ല | 3-5 | |
| 23 | ആയുർവേദം, അലോപ്പതി മരുന്നുകൾ ലഭിച്ചിട്ടില്ല. | 3-6 | |
| 24 | നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി -609711/-രൂപ തടസ്സപ്പെടുത്തുന്നു. | 3-7 | |
| 25 | ഫിറ്റ്നെസ് സെന്റർ - രേഖകൾ ഹാജരാക്കിയില്ല - 300000/-രൂപ തടസ്സപ്പെടുത്തുന്നു. | 3-8 | |
| 26 | അംഗനവാടി പോഷകാഹാര പരിപാടി - നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. | 3-9 | |
| 27 | അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുന്നില്ല | 3-10 | |
| 28 | പത്താംതരം തുല്യതാ കോഴ്സ് - അധികമായി നൽകിയ തുക ക്രമപ്പെടുത്തണം | 3-11 | |
| 29 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-12 | |

| | | | |
|---|---|---|---|
| | | | |
| 30 | ആശ്രയ പദ്ധതി - അവലോകനം | 3-13 | |
| ഭാഗം 4 | | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 34 | വായ്പ/വായ്പതിരിച്ചടവ് | 4-4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 36 | ഓഡിറ്റ് റിക്കവറി | 4-6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 10.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 189601157/- രൂപയും പ്രതീക്ഷിത ചെലവ് 187700000/- രൂപയും നീക്കിയിരിപ്പ് 1901157/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 22.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | 10126365 |
| വരവ് | 55827159 |
| ആകെ | 65953524 |
| ചെലവ് | 51800976 |
| നീക്കിയിരുപ്പ് | 14152548 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 10636900 | 10636900 | 10636900 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8512021 | 8512021 | 8512021 | 0 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5225458 | 5225458 | 5225458 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3447196 | 3447196 | 3447196 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3737599 | 3737599 | 3737599 | 0 |
| KLGSDP | 0 | 4000227 | 4000227 | 4000227 | 0 |
| എം.ജി.എൻ.ആർ.ഇ. ജി.എസ് | 4167 | 538440 | 542607 | 528660 | 13947 |
| ബി.ഫണ്ട് | 0 | 658160 | 658160 | 658160 | 0 |
| സാക്ഷരത | 43871 | 42800 | 86671 | 39000 | 47671 |
| KGB BRC | 0 | 200000 | 200000 | 0 | 200000 |
| വരൾച്ച | 0 | 48212 | 48212 | 48212 | 0 |
| തനത് ഫണ്ട് (KGB) | 0 | 1368951 | 1368951 | 0 | 1368951 |
| തനത് ഫണ്ട് (CSCB) | 2943883 | 6987314 | 9931197 | 3346713 | 6584484 |
| ജനറൽ പർപ്പസ് ഫണ്ട് | 7068226 | 10370460 | 17438686 | 11554612 | 5884074 |
| ക്യാഷ് | 66218 | 53421 | 119639 | 66218 | 53421 |
| ആകെ | 10126365 | 55827159 | 65953524 | 51800976 | 14152548 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 154 | 74128627 | 84 | 38483198 | 13 | 57 | 54.5 |

# 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| *നികുതി വരവുകൾ* | | | |
| തൊഴിൽ നികുതി | 757620 | 778850 | 21230 |
| കെട്ടിട നികുതി | 1257798 | 1756142 | 498344 |
| *നികുതിയേതര വരവുകൾ* | | | |

| | | | |
|---|---|---|---|
| ലേലം | - | 162860 | 162860 |
| വാടക | 78083 | 82946 | 4863 |
| ഡി & ഓ ലൈസൻസ് | 54500 | 57175 | 2675 |
| മറ്റുവരവുകൾ | 1985342 | 5571713 | 3586371 |
| ആകെ | 4133343 | 8409686 | 4276373 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 2708800 | 312 |
| തൊഴിൽരഹിത വേതനം | 323160 | 230 |
| വിധവാ പെൻഷൻ | 13613000 | 1390 |
| വികലാംഗ പെൻഷൻ | 4019500 | 382 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 287400 | 23 |
| വാർദ്ധക്യ പെൻഷൻ | 30666200 | 2816 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 7 |

| | | |
|---|---|---|
| ആകെ | 51828060 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2016 രാവിലെ 10.10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 30156/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

a) വരവിനങ്ങളുടെ രജിസ്റ്ററുകളും രേഖകളും കൃത്യമായി പരിപാലിക്കുന്നില്ല.

b) പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഇല്ല.

c) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല.

d) പദ്ധതി നിർവ്വഹണത്തിൽ മോണിറ്ററിംഗ് കൃത്യമായി നടത്തുന്നില്ല.

e) വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നില്ല.

f) പദ്ധതികൾ നടപ്പിലാക്കി അംഗീകാരം വാങ്ങുന്നെങ്കിലും അവ യഥാവിധി മേഖലാ വിഭജനം പാലിക്കത്തക്ക വിധം നടത്തുന്നില്ല.

g) എസ്.സി.പി പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്ന തിന് സ്ഥാപന തലത്തിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

h) റോഡ് കണക്ടിവിറ്റി മാപ്പും, പ്ലാനും തയ്യാറാക്കിയിട്ടില്ല.

i) ഉത്പാദനം, പശ്ചാത്തലം എന്നീ മേഖലകളിൽ നാമമാത്രമായ തുകയാണ് ചെലവഴിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു

| വിഭാഗം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ഉത്പാദനം | | സേവനം | | പശ്ചാതലം | |
|---|---|---|---|---|---|---|---|---|
| | | | തുക | % | തുക | % | തുക | % |
| പൊതു വിഭാഗം | 17456810 | 10636900 | 1427929 | 13.42 | 8977583 | 84.4 | 231388 | 2.1 |
| എസ്.സി.പി | 13800732 | 8512021 | 93725 | 1.10 | 8210251 | 96.45 | 208045 | 2.4 |
| ലോക ബാങ്ക് | 5518401 | 4000227 | 1079931 | 27 | 1799649 | 45 | 1120647 | 28 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 9039765 | 3737599 | 424347 | 11 | 1979861 | 53 | 1333391 | 36 |

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം, രജിസ്റ്റർ പരിപാലനം, പദ്ധതി നടപ്പിലാക്കൽ, മോണിറ്ററിംഗ് എന്നിവ കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.07.2017 മുതൽ 22.07.2017 വരെ | 1/2017 – 3/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2016 മുതൽ 19.11.2016 വരെ | 2011-12 മുതൽ 2015-16 വരെ | 03.01.2017 |

## 1-12 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ചെമ്മരുതി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 98953/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു.വിശദാംശം ചുവടെ

| ക്രമ നം | പ്രവൃത്തിയുടെ പേര് | കോൺട്രാക്ടർ/ കൺവീനർ | ഒടുക്കിയ തുക | ട്രഷറി/തീയതി |
|---|---|---|---|---|
| 1 | എ.എം.എൽ.പി.എസ്, തേക്കഴികം റോഡ് റീടാറിംഗ് | ഷീന | 3030 | വർക്കല സബ്ട്രഷറി |
| 2 | മുത്താന മിൽ റോഡ് റീടാറിംഗ് | ഷിജു | 2936 | വർക്കല സബ്ട്രഷറി |
| 3 | തോക്കാട്-തൈക്കാവ് ആലുംമൂട് റോഡ് | ഷിജു | 5678 | വർക്കല സബ്ട്രഷറി |

| | | | | |
|---|---|---|---|---|
| | റീടാറിംഗ് | | | |
| 4 | വണ്ടിപ്പുര അംഗൻവാടി റോഡ് റീടാറിംഗ് | ഷീന | 2795 | വർക്കല സബ്ട്രഷറി |
| 5 | പനയറ മാർക്കറ്റ് റോഡ് റീടാറിംഗ് & ഓട നിർമ്മാണം | ഷീന | 4471 | വർക്കല സബ്ട്രഷറി |
| 6 | ഭവാനി ജംഗ്ഷൻ കുന്നത്തുമല റോഡ് റീടാറിംഗ് | ഷിജു | 2473 | വർക്കല സബ്ട്രഷറി |
| 7 | മണ്ണംകോണം പൈപ്പിൻമൂട് റോഡ് രണ്ടാംഘട്ട മെറ്റലിംഗും ടാറിംഗും | കേരളീയൻ | 3263 | വർക്കല സബ്ട്രഷറി |
| 8 | കുറ്റിക്കാട്-ആനയടി റോഡ് റീടാറിംഗ് | കേരളീയൻ | 2794 | വർക്കല സബ്ട്രഷറി |
| 9 | എം.എ കലാം റോഡ് റീടാറിംഗ് | ഷിജു | 2778 | വർക്കല സബ്ട്രഷറി |
| 10 | തീപ്പാച്ചി വി.ഇ.ഒ ഓഫീസ് റോഡ് റീടാറിംഗ് | ഷിജു | 3826 | വർക്കല സബ്ട്രഷറി |
| 11 | ചെക്കാല ചരുവിള കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് | ഷിജു | 5346 | വർക്കല സബ്ട്രഷറി |
| 12 | പുളിച്ചിയിൽ മൂന്ന്കല്ല് റോഡ് മെറ്റലിംഗും ടാറിംഗും | കേരളീയൻ | 4674 | വർക്കല സബ്ട്രഷറി |
| 13 | സ്കൂളുകൾക്ക് വേണ്ടി ശൗചാലയം | കേരളീയൻ | 2893 | വർക്കല സബ്ട്രഷറി |
| 14 | പി.എച്ച്.സി മെയിന്റനൻസ് | പ്രസന്നൻ | 7835 | വർക്കല സബ്ട്രഷറി |
| 15 | ഹോമിയോ ഹോസ്പിറ്റലിന്റെ അറ്റകുറ്റപ്പണികൾ | കേരളീയൻ | 1648 | വർക്കല സബ്ട്രഷറി |
| 16 | കൃഷിഭവൻ കെട്ടിടം പൂർത്തീകരണം | ഷിജു | 8085 | വർക്കല സബ്ട്രഷറി |
| 17 | തോക്കാട് വി.ഇ.ഒ ഓഫീസ് കെട്ടിട നിർമ്മാണം | ശ്യാമപ്രസാദ് | 4824 | വർക്കല സബ്ട്രഷറി |

| | | | | |
|---|---|---|---|---|
| 18 | ചാവർകോട് വി.ഇ.ഒ ഓഫീസ് അറ്റകുറ്റപ്പണി | ഷിജു | 3927 | വർക്കല സബ്ട്രഷറി |
| 19 | പഞ്ചായത്ത് കോൺഫറൻസ് വൈദ്യുതീകരണം | അജിത്ത് | 2287 | വർക്കല സബ്ട്രഷറി |
| 20 | ശ്രീനിവാസപുരം കോളനി നവീകരണം | സുഗുണനന്ദൻ | 1888 | വർക്കല സബ്ട്രഷറി |
| 21 | ഫാക്ടറി ജംഗ്ഷൻ - ചേട്ടക്കാവ് റോഡ് | ശ്യാമപ്രസാദ് | 4656 | വർക്കല സബ്ട്രഷറി |
| 22 | മുട്ടപ്പലം സബ്ബ്സെന്റർ മെയിന്റനൻസ് | ഷിബു | 1240 | വർക്കല സബ്ട്രഷറി |
| 23 | കുറ്റിക്കാട് ക്ഷേത്രം റോഡ് | സുരേഷ് | 2757 | വർക്കല സബ്ട്രഷറി |
| 24 | ശ്രീനിവാസപുരം എൽ.പി.എസ് ഇടമനയ്ക്കൽ റോഡ് റീടാറിംഗ് | ഷിജു | 5038 | വർക്കല സബ്ട്രഷറി |
| 25 | വടശ്ശേരിക്കോണം മന്ത്രിയെക്കോണം ഓട നിർമ്മാണം | അജിത്ത്കുമാർ | 5657 | വർക്കല സബ്ട്രഷറി |
| 26 | കൃഷിഭവൻ കെട്ടിടം വൈദ്യുതീകരണം | ഷിജു | 2154 | വർക്കല സബ്ട്രഷറി |
| ആകെ | | | 98953 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 990/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും നാളിതുവരെ വസ്തുനികുതി ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) B.Akraman, Vaishnavam (ഡോർ നം 1/393/)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | സർവീസ് ടാക്സ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 2 | 2013 | രണ്ടാം | 7500 | 375 | 1275 | 9150 |

| | | | | | | |
|---|---|---|---|---|---|---|
| | | അർദ്ധവർഷം | | | | |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 7500 | 375 | 1275 | 9150 |
| ആകെ | | | 60000 | 3000 | 10200 | 73200 |

2) Sathyaseelan,Akkaravila ( ഡോർ നം 7/243/)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | സർവീസ് ടാക്സ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 20000 | 1000 | 3401 | 24401 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 20000 | 1000 | 3400 | 24400 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 20000 | 1000 | 3401 | 24401 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 20000 | 1000 | 3400 | 24400 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 20000 | 1000 | 3401 | 24401 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 20000 | 1000 | 3400 | 24400 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 20000 | 1000 | 3401 | 24401 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 20000 | 1000 | 3400 | 24400 |
| ആകെ | | | 160000 | 8000 | 27204 | 19520 |

3) M S BHarath Infrared Limited ( ഡോർ നം 8/489/)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | സർവീസ് ടാക്സ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 4800 | 240 | 817 | 5857 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 4800 | 240 | 816 | 5856 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 4800 | 240 | 817 | 5857 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 4800 | 240 | 816 | 5856 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 4800 | 240 | 817 | 5857 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 4800 | 240 | 816 | 5856 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 4800 | 240 | 817 | 5857 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 4800 | 240 | 816 | 5856 |
| ആകെ | | | 38400 | 1920 | 6532 | 46852 |

4) Reliance Infratel Limited ( ഡോർ നം 16/60/)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | സർവീസ് ടാക്സ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 1500 | 75 | 256 | 1831 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 1500 | 75 | 255 | 1830 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 1500 | 75 | 256 | 1831 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 1500 | 75 | 255 | 1830 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 1500 | 75 | 256 | 1831 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 2015 | രണ്ടാം അർദ്ധവർഷം | 1500 | 75 | 255 | 1830 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 1500 | 75 | 256 | 1831 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 1500 | 75 | 255 | 1830 |
| ആകെ | | | 12000 | 600 | 2044 | 1464 |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 15 ന് മൊബൈൽ ടവറുകളുടെ 2013-14 സാമ്പത്തിക വർഷം മുതൽ കുടിശ്ശിക ഉള്ള വസ്തുനികുതി പിരിച്ചെടുക്കുന്നതിന് അറിയിപ്പ് നൽകുകയും കാലതാമസം കൂടാതെ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും മറുപടി ലഭിച്ചു. വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1) ഡി & ഒ രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതിൽ താഴെ ചേർത്ത സ്ഥാപനങ്ങൾ 2016-17സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| സ്ഥാപന ഉടമയുടെ പേര്, മേൽവിലാസം | വാർഡ് നം, കെട്ടിട നം | സ്ഥാപനം |
|---|---|---|
| ബിനോജ്, പൊയ്കയിൽവീട്, നടയറ | VI 802A | മൊബൈൽ ഫോൺ സർവ്വീസ് & സെയിൽസ് |
| ജയൻ, അവിട്ടംതിരുന്നാൾ, പനയറ | II 897A | പലചരക്ക് & സ്റ്റേഷനറി |
| എ.ഫിറോസ് ഖാൻ, ഫിറോസ് നിലയം, ഊന്നൻപാറ | VI 363 | ഖദീന ലേഡീസ് ബാഗ് |
| മോഹനൻ, മിഥില, പെരുമ്പുഴ | VIII 1043, | കശുവണ്ടി സംസ്കരണം, സ്റ്റോക്ക് ചെയ്യൽ |

| | | |
|---|---|---|
| | 1043A | |
| രാജൻ, ഉത്രാടം, വട്ടപ്ലാമൂട് | IV 345 | പലചരക്ക് വ്യാപാരം |
| പുഷ്പചന്ദ്രൻ, നിഷാഭവൻ, മുത്താന | X 433, 434, 435 | സ്റ്റീൽ ഫർണീച്ചർ വിൽപന |
| ലൈന, പുത്തൻവിളവീട്, മുട്ടപ്പലം | VII 184 | സ്റ്റേഷനറി & ബേക്കറി |
| ഷൈൻ.ഡി, രമണിഭവൻ, പാളയംകുന്ന് | II 41A | ഹോട്ടൽ |
| ജയേഷ്, മീനാക്ഷി, മുട്ടപ്പലം | XV 265B | പർപ്പടക നിർമ്മാണം |
| ലെനിൻദാസ്, ലെനിൻനിവാസ്, മുത്താന, പാളയംകുന്ന് | X 61 | ബ്യൂട്ടിപാർലർ |
| M/S ക്ലിഫ് മിനരൾസ് & മൈൻസ് പ്രൈവറ്റ് ലിമിറ്റഡ് നം : 3, തെക്കേമുകളിൽ വടക്കതിൽ, വലിയകുളങ്ങര പി.ഒ, ആലപ്പുഴ | സർവേ നം 381/3/1 | പാറഖനനം |
| മായ, കല്ലുവിളവീട്, ജനത ജംഗ്ഷൻ, പാളയംകുന്ന് | IX 1469 | ബാർബർ ഷോപ്പ് |
| ഷാജഹാൻ, ഷാജഹാൻ മൻസിൽ, തോക്കാട് | III 665A | പലചരക്ക് വ്യാപാരം |

| | | |
|---|---|---|
| സൈമ്മലി.ഡി, ആനയടിവീട്, തോക്കാട് | III 679 G | മെഡിക്കൽ സ്റ്റോർ |
| എസ്.ദിലീപ്കുമാർ, കെ.എസ് ഹൗസ്, മുട്ടപ്പലം | V 495 | ആശുപത്രി ഉപകരണങ്ങളുടെ സർവ്വീസ് & സ്റ്റേഷനറി |
| വിജയഗോപാൽ.ജി, കുന്നവിള വീട് | I 465 | സ്റ്റുഡിയോ |
| ജയാശശി, ജയാനിവാസ്, ശ്രീനിവാസപുരം | VI 120 | സ്റ്റേഷനറി & പച്ചക്കറി കട |
| മണിലാൽ.ജി, എം.സ്.നിവാസ്, ഹരിജൻകോളനി, മുട്ടപ്പലം | XIV 383A | പലചരക്ക് വ്യാപാരം |
| പുഷ്പമ്മ/സഹദേവൻപിള്ള, ബിജുഭവൻ, പോങ്ങിൽ, മാവിൻമൂട് | VI449A | പലചരക്ക് വ്യാപാരം |
| രാജേന്ദ്രൻ, ആർ.കെ ലാന്റ്, തച്ചോട്, മുട്ടപ്പലം | XIII 323C | ഹാർഡ് വെയേഴ്സ് |
| അംബിക, പോങ്ങിൽകുന്നവിളവീട്, മാവിൻമൂട് | VII 327A | സ്റ്റേഷനറി കട |
| സെക്രട്ടറി, ചെമ്മരുതി സർവ്വീസ് സഹകരണ ബാങ്ക്, T .328, പനയറ | X 925 | വളം വിൽപന |
| എ.എച്ച്.സലിം, ഷാഫി നിവാസ്, തോക്കാട് | III 762B | പ്രിന്റിംഗ് പ്രസ്സ് |

| | | |
|---|---|---|
| അദീബ്, ചേട്ടകാവിൽ പുത്തൻവീട്, പാളയംകുന്ന് | II 31A | സ്റ്റേഷനറി കട |
| അബ്ദുൾ ഗഫൂർ, പനവിളവീട്, നടയറ | II 505B | ലേഡീസ് സ്റ്റിച്ചിംഗ് സെന്റർ |
| സബീൻ, വാസവിള പുത്തൻവീട്, ചാവർക്കോട് | V 64A | പെട്രോൾ ബങ്ക് |
| സുഖറാണി, ജഗദാംബിക വിലാസം, ഞെക്കാട്, വടശ്ശേരിക്കോണം | I 750 | സ്റ്റേഷനറി കട |
| മുരളീധരൻ, വാഴവിള വീട്, പനയറ | XVII 628,629 | സൈൻ ബോർഡ് നിർമ്മാണം |
| സജീവ്, രോഹിണി വിലാസം, ശിവപുരം, മുത്താന പി.ഒ | III 640A | പൗൾട്രിഫാം |
| സൈനുലാബ്ദീൻ.കെ, സജീനമൻസിൽ, പാലച്ചിറ | III 679K | ഫോട്ടോസ്റ്റാറ്റ്,മൊബൈൽ കൂപ്പൺ വിൽപന |
| സദാശിവൻ.കെ, കിഴക്കേകട, ചേന്നൻകോട്, ഞെക്കാട് | VI 727A | പലചരക്ക് കച്ചവടം |
| ഹബീബുള്ള / ജാസ്മിൻ, ഹബീബ് മൻസിൽ, പാളയംകുന്ന് | III 635A | സ്റ്റേഷനറി & പലചരക്ക് കട |
| സുരേഷ്.എസ്, കിഴക്കേവിളവീട്, പ്രാലേയഗിരി | XII 219 | ഇലക്ട്രിക് സാധനങ്ങൾ റിപ്പയറിംഗ് |

| | | |
|---|---|---|
| താഹ, താഹമൻസിൽ, നരിക്കൽമുക്ക്, തോക്കാട് | III 678 | സോപ്പ് വിൽപന |
| സദാശിവൻ, സ്വാതി, പനയറ | IX 63 | പ്ലംബിംഗ് സാധനങ്ങൾ, സിമന്റ് വിൽപന |
| സിബുരാജ്.എൽ.എസ്, രാജ്നിവാസ്, പുത്തൻചന്ത | V 879 | ഡി.റ്റി.പി, ഫോട്ടോസ്റ്റാറ്റ് & സ്റ്റേഷനറി കച്ചവടം |
| ഡോ.ശാലിനി.എൽ.എസ്, ശ്രീശൈലം, തോക്കാട് പി.ഒ | XI 496A | ആയുർവ്വേദ ക്ലിനിക്ക് |
| ശശിധരൻ നായർ, മനുഭവൻ, എസ്.വി പുരം | V 881<br>XVI 503 | ചായക്കട |
| സിറാജുദ്ദീൻ.എം, എസ്.എസ്.മൻസിൽ, ചാവർക്കോട്, പാരിപ്പള്ളി | I 703<br>IX 1471 | ഹോട്ടൽ |
| റീജ, കൊല്ലംവിളാകം, മുത്താന | X 1066 | സ്റ്റേഷനറി & ഫാൻസി |
| രാജകി.ആർ, അരുണോദയം, വട്ടപ്ലാമൂട് | V 750 | മെഡിക്കൽ സ്റ്റോർ |
| സീന.എം, ജി.എം.നിവാസ്, രഘുനാഥപുരം, ചെറുകുന്നം | VI 477B | ടയർ റിപ്പയറിംഗ് |
| പ്രസാദ്, ബാലഭവൻ | VII 890B | ബാർബർ ഷോപ്പ് |
| രാജീവ്, പ്രണവം, മാവിൻമൂട് | VII 470A | ആട്ടോ ഇലക്ട്രിക്കൽസ് |

| | | |
|---|---|---|
| ഷിബു, മണക്കാട്ടു വീട്, എസ്.എൻ.ജഗ്ഷൻ, വക്കം | VIII 4 | ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്ക് ചെയ്യുന്നതിന് |
| സുഭാഷ് ലാൽ, ചരുവിളപുത്തൻവീട്, ചാവടിമുക്ക് | XVIII 372 | സോഡാ നിർമ്മാണം |
| ഷീല സുരേഷ്, ശ്രീരംഗകോട്ടേജ്, പാളയംകുന്ന് | IX 1342 | ഫാൻസിസ്റ്റോർ |
| ഹേനസാബു, ഐശ്വര്യ, മുട്ടപ്പലം പി.ഒ, വർക്കല | XVIII 539C | ഗാർമെന്റ് നിർമ്മാണം |
| ഉണ്ണികൃഷ്ണൻ, കമുകിൻകോട് വീട്, കോവൂർ, പാളയംകുന്ന് പി.ഒ | VIII 1040 | ബേക്കറി ഉൽപ്പന്നങ്ങൾ |
| മുരളീധരകുറുപ്പ് , മീമ്പാട്ടുവിളവീട്, പനയറ | IV 733A | കാറ്ററിംഗ് സർവ്വീസ് |
| ലില്ലി, ബി.എസ് ലാന്റ്, മുട്ടപ്പലം | V 117 | പലചരക്ക് കട |
| ഷീനാബീഗം, അൽമുഹമ്മദ്മൻസിൽ, പുതുവൽവിള, മുത്താന | V 446B | ചായക്കട |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം 14 ന് ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിനുള്ള അറിയിപ്പ് നൽകി തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

2) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യ വ്യവസായ ഗണത്തിൽ പെടുന്ന 362 കെട്ടിടങ്ങൾ നിലവിലുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ 211 സ്ഥാപനങ്ങൾ

മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല. ആകെ 181 സ്ഥാപനങ്ങൾ മാത്രമാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ വിഷയത്തിന് വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.17-ന് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യ വ്യവസായ ഗണത്തിൽപ്പെടുന്ന 362 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇവയെല്ലാം തന്നെ വ്യാപാര ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്നതായി കാണുന്നില്ല എന്നും ട്രേഡേഴ്സ് ലിസ്റ്റിൽ വിട്ടുപോയിട്ടുള്ള ലൈസൻസികളെ ചേർത്ത് അടിയന്തിരമായി കാലികമാക്കി സമർപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചു. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 തൊഴിൽനികുതി/സ്ഥാപന തൊഴിൽനികുതി ഈടാക്കിയതിൽകുറവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 3 എന്നിവ അനുസരിച്ച് ഒരു വ്യക്തി തുടർച്ചയായോ, പലപ്പോഴായോ, ഓരോ അർദ്ധവർഷത്തിലും, ഗ്രാമപഞ്ചായത്ത് മേഖലയിൽ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ ആ വ്യക്തി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്.

1. കോർപ്പറേഷൻ ബാങ്കിൽ നിന്നും ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതിയിനത്തിൽ താഴെ പറയുന്ന ജീവനക്കാരനിൽ നിന്നും ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | ജീവനക്കാർ/ സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | അശ്വിൻ.എസ് .പി (SWO A), കോർപ്പറേഷൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 1000 | 300 | 700 |

ഈ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 16 ന് ബാക്കിതുക അടയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് അടയ്ക്കുന്ന മുറയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

2. സ്റ്റാർവിയ ലൈഫ് കെയർ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. അനധികൃത നിർമ്മാണത്തിന് നോട്ടീസ് നൽകിയിട്ടുള്ളതിനാൽ നികുതി ഈടാക്കിയിട്ടില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് ഈ സ്ഥാപനം ക്രമവത്ക്കരണത്തിനായി അപേക്ഷ സമർപ്പിക്കുകയും ആയത് പരിശോധിച്ച് അനുമതിക്കായി റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലേക്ക് അയക്കുകയും ചെയ്തുവെന്നും അതിന് ലഭ്യമായ മറുപടിയിൽ പ്ലാനിലും മറ്റ് ചില രേഖകളിലും ന്യൂനതകൾ ഉള്ളതായി പരാമർശിക്കുകയും ആയത് പരിശോധിച്ച് സ്ഥാപനത്തിന്റെ അപേക്ഷ പുനർസമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നതാണെന്നും മറുപടി ലഭിച്ചു.

മേൽ വിഷയങ്ങളിൽ എത്രയും വേഗം നടപടി കൈക്കൊള്ളുകയും ഈ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-5 പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല

2016-17 കാലയളവിൽ ചേർത്തിരിക്കുന്ന കടമുറികളിൽ നിന്നും വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി നം | | വാടക | ഈടാക്കാനുള്ള കാലയളവ് | ഈടാക്കാനുള്ള തുക |
|---|---|---|---|---|---|---|
| | | തച്ചോട് മാർക്കറ്റ് സ്റ്റാൾ | മുട്ടപ്പലം മാർക്കറ്റ് സ്റ്റാൾ | | | |
| 1 | പ്രസാദ്, പുത്തൻവീട് മുട്ടപ്പാലം പി.ഒ, തച്ചോട് | 3 | - | 313 | 4/16മുതൽ 3/17വരെ (313x12) | 3756 |
| 2 | സത്യപാലൻ, എം.എസ് ലാന്റ്, മുട്ടപ്പലം | 5 | - | 500 | 3/17 | 500 |
| 3 | സരസ്സൻ, പ്ലാവിളവീട്, പനയറ പി.ഒ | 6 | - | 500 | 3/17 | 500 |
| 4 | ഷൈജു, പഴവിള, മുട്ടപ്പലം | | 12 | 204 | 8/16മുതൽ 3/17വരെ (204x8) | 1632 |
| 5 | വിജയകുമാരി, പഴവിളവീട്, മുട്ടപ്പലം | | 14 | 183 | 8/16മുതൽ 3/17വരെ (183x8) | 1464 |
| 6 | വിജയകുമാരി, പഴവിളവീട്, മുട്ടപ്പലം | | 15 | 183 | 8/16 മുതൽ 3/17 വരെ (183x8) | 1464 |
| ആകെ | | | | | | 9316 |

ഈ വിഷയത്തിൻമേലുള്ള വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28 ന് കടയുടമകൾക്ക് നോട്ടീസ് നൽകി അവരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായി മറുപടി ലഭിച്ചു. വാടക തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 കെട്ടിട നിർമ്മാണം ക്രമവൽക്കരണ ഫീസ് സ്വീകരിച്ചതിലെ അപാകത

കേരള പഞ്ചായത്ത്, കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ചട്ടം 135(3), 137(2), (3), (4) പ്രകാരം, അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരണം നടത്തുമ്പോൾ പെർമ്മിറ്റ് ഫീസ് ഈടാക്കുകയും, ക്രമവൽക്കരണ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി വാങ്ങണമെന്നുമാണ്. എന്നാൽ താഴെപ്പറയുന്നവരുടെ കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്ന അപേക്ഷയിന്മേൽ, ക്രമവൽക്കരണ ഫീസ് മാത്രം ഈടാക്കി കെട്ടിട നമ്പർ നൽകിയിരിക്കുന്നു. പെർമ്മിറ്റ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | പേര്, വിലാസം, വാർഡ്, കെട്ടിടനം | വിസ്തീർണം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുടിശ്ശിക |
|---|---|---|---|---|---|
| 1 | സതീഷ് കുമാർ.എ.എച്ച്<br>പവിത്രം,മുട്ടപ്പലം, വർക്കല | 187m2 | 1128 | 1683 | 555 |
| 2 | അഭിലാഷ്കുമാർ.സി.എസ്<br>അനിൽവിഹാർ, ചെമ്മരുതി | 114.41m2 | 686 | 1030 | 344 |
| 3 | ബിസ്നി/വിജയകുമാർ<br>ചരുവിള പുത്തൻവീട്, മുട്ടപ്പലം | 122.66m2 | 738 | 1104 | 366 |
| 4 | മണിലാൽ/ഷീല<br>മൂഴിയിൽ വീട്, മുട്ടപ്പലം | 17.6m2<br>(ഷോപ്പ്) | 240 | 264 | 24 |
| 5 | ലിജിത്ത്.വി<br>ഗൗരീശങ്കരം, വലിയവിള | 245.54m2 | 1473 | 2210 | 737 |
| 6 | ശിവകുമാർ/സുനിത<br>കമലദളം, മാവിൻമൂട് | 155m2 | 930 | 1395 | 465 |
| 7 | ശരൺ/വീണവിജയൻ<br>കൈലാസം, മുത്താന | 130m2 | 780 | 1170 | 390 |
| 8 | അശോകൻ<br>മിനിഭവൻ, ചെമ്മരുതി | 156.73m2 | 940 | 1411 | 471 |
| 9 | തൽഹത്ത്.ടി, സാൽ-സബീൽ, | 130m2 | 780 | 1170 | 390 |

| | | | | | |
|---|---|---|---|---|---|
| | വടശ്ശേരിക്കോണം | | | | |
| 10 | സുൽഫീക്കർ, തൊടിയിൽ വീട്, വളാഞ്ചി, വിളറോഡ്, മുട്ടപ്പലം | 134.64m2 | 808 | 1212 | 404 |
| 11 | മോഹനചന്ദ്രകുറുപ്പ്, സെക്രട്ടറി, എൻ.എസ്.എസ്. കരയോഗം | 44m2 | 264 | 660 | 396 |
| 12 | വഹ്നൗഷാദ്, ക്രസന്റ് വില്ല, ചെമ്മരുതി | 363.43m2 | 2184 | 3271 | 1087 |
| ആകെ | | | 10951 | 16580 | 5629 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 19 ന് ലഭ്യമാക്കിയ മറുപടിയിൽ സോഫ്റ്റ്‌വെയറിലെ തകരാർമൂലമാണ് ഇത്തരത്തിലുള്ള അപാകതയക്ക് കാരണമെന്ന് മറുപടി നൽകിയെങ്കിലും ആയത് അംഗീകരിക്കാവുന്നതല്ല. മേൽ തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഭവനപുനരുദ്ധാരണം (പട്ടികജാതി വനിത) – ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിൽ അപാകത – 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. - 20/16-17

പേര് - ഭവനപുനരുദ്ധാരണം (പട്ടികജാതി വനിത)

അടങ്കൽ - 500000 /- (വികസന ഫണ്ട് )

ചെലവ് - 450000/-

ബിൽ നം തീയതി - 6/16-17, 29.11.16, 152500/-

9/16-17, 19.12.16, 86000/-

13/16-17, 24.12.16, 15000/-

16/16-17, 28.12.16, 40000/-

20/16-17, 13.02.17, 79000/-

23/16-17, 21.02.17, 12500/-

27/16-17, 27.02.17, 15000/-

29/16-17, 03.03.17, 50000/-

20 പട്ടികജാതി വനിതകൾക്ക് 25000/-രൂപവീതം നൽകാനാണ് പദ്ധതി *ലക്ഷ്യമിട്ടിരുന്നത്. 18 ഗുണഭോക്താക്കൾക്ക് 25000/- രൂപ നിരക്കിൽ ഭവനപുനരുദ്ധാരണത്തിന് ആനുകൂല്യം നല്കി. ഇതിൽ രണ്ട് ഗുണഭോക്താക്കൾ പുരുഷന്മാരാണ്. (ശ്രീ കുട്ടപ്പൻ, വിളയിൽ വീട് മുട്ടപ്പലം, വർക്കല, എം ശിവാനന്ദൻ എം എസ് ഫ്ളാറ്റ്, എസ് വി പുരം, വർക്കല).*

*മേൽ അപാകതയുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 22 ന് നൽകിയ മറുപടിയിൽ മോണിറ്ററിംഗ് സമിതി അംഗങ്ങളുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് വാർഡ് ഭരണ സമിതി അംഗങ്ങളുടെയും ഗ്രാമപഞ്ചയത്ത് പ്രസിഡന്റിന്റെയും അംഗീകാരത്തോട് കൂടിയാണ് ഈ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതെന്ന് അറിയിച്ചു. എന്നാൽ തീരുമാനത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ 25000/-രൂപ നിരക്കിൽ 2 ഗുണഭോക്താക്കൾക്ക് നൽകിയ 50,000/-രൂപ തടസ്സപ്പെടുത്തുന്നു.*

## 3-2 പുഷ്പകൃഷി , ഔഷധ സസ്യകൃഷി - മാർഗരേഖ അധികരിച്ച് തുകചെലവഴിച്ചു

1. പ്രോജക്ട് നം. - SO131/17

പേര് - പുഷ്പകൃഷി

അടങ്കൽ - 124375 /-(വി.ഫ. 100000/-, ഗുണ.വി. 24375/-)

ചെലവ് - 42188/-( വി.ഫ. 33750/-, ഗുണ.വി. 8438/-)

ബിൽ നം. തീയതി - 9/16-17,33750/-, 29.03.17

2. പ്രോജക്ട് നം. - SO132/17

പേര് - ഔഷധ സസ്യകൃഷി

അടങ്കൽ - 124375 /-(വി.ഫ. 100000/-, ഗുണ.വി. 24375/-)

ചെലവ് - 16875/-( വി.ഫ. 13500/-, ഗുണ.വി. 3375/-)

ബിൽ നം തീയതി - 10/16-17,13500/-, 29.03.17

നിർവഹണ ഉദ്യാഗസ്ഥൻ - കൃഷി ഓഫീസർ.

സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും വിത്തും തൈയും വാങ്ങി നൽകുന്നതിന് ഒരു യൂണിറ്റിന് 937.50/-രൂപ നിരക്കിൽ 130 യൂണിറ്റിന് 121875/- രൂപയും പരിശീലനത്തിന് 2500/- രൂപയും ഉൾപ്പെടുത്തിയാണ് രണ്ട് പ്രോജക്ടുകളും നടപ്പിലാക്കിയത്.

ക്രമ നം. 1, 2 പ്രകാരമുള്ള പ്രോജക്ടുകൾക്ക് യഥാക്രമം 45, 18 ഗുണഭോക്താക്കളാണു ണ്ടായിരുന്നത്. ജി.ഒ(എം.എസ്)4/2016 തസ്വഭവ.11.01.2016 മാർഗരേഖ പ്രകാരം പുഷ്പ-ഔഷധസസ്യ കൃഷികൾക്കുള്ള സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി 75% ആണ്. ഇത് പ്രകാരം മേൽ പ്രോജക്ടുകൾക്ക് നൽകാവുന്ന സബ്സിഡി ഒരു യൂണിറ്റിന് പരമാവധി 703/- രൂപയാണ്. എന്നാൽ സബ്സിഡി നിരക്കിൽ അധികരിച്ച് തുക ചെലവാക്കിയിരിക്കുന്നു.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതം | | | വികസന ഫണ്ട് | | |
|---|---|---|---|---|---|---|---|
| | | ഈടാക്കിയത് (187.5) | ഈടാക്കേണ്ടത് (235/-) | വ്യത്യാസം | ചെലവാക്കിയത് (750/-) | ചെലവാക്കേണ്ടത് (703/-) | വ്യത്യാസം |
| SO131/17 പുഷ്പകൃഷി | 45 | 8460 | 10575 | 2115 | 33750 | 31635 | 2115 |
| SO132/17 ഔഷധ സസ്യകൃഷി | 18 | 3384 | 4230 | 846 | 13500 | 12654 | 846 |
| ആകെ | 63 | 11844 | 14805 | 2961 | 47250 | 44289 | 2961 |

ഈ പ്രോജക്ടുകൾക്കായി ഗുണഭോക്തൃവിഹിതം ഈടാക്കിയതിൽ 2961/- രൂപയുടെ കുറവ് വരുകയും പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും ചെലവാക്കുകയും ചെയ്തിരിക്കുന്നു. ഗുണഭോക്തൃവിഹിതത്തിൽ 187.5 രൂപ ഈടാക്കേണ്ടത് റൗണ്ട് ചെയ്ത് 188/-രൂപ ഈടാക്കിയിട്ടുണ്ട്.

RAIDCO Kerala LTD ൽ നിന്നും വിത്തും തൈയും വാങ്ങിയതിന്റെ വിശദാംശം.

| ക്രമ നം. | ഇൻവോയിസ് നം, തീയതി | അളവ് | തുക | വികസന ഫണ്ട് | ഗണഭോക്തൃ വിഹിതം |
|---|---|---|---|---|---|
| 1 | 4104, 28.03.17 | വിത്ത് - 45 യൂണിറ്റ് തൈകൾ - 45 യൂണിറ്റ് | 42188 | 33750 | 8438 |
| 2 | 4105, 28.03.17 | ഔഷധസസ്യം - 18 യൂണിറ്റ് | 16875 | 13500 | 3375 |
| | ആകെ | | 59063 | 47250 | 11813 |

ഗുണഭോക്തൃ ഇനത്തിൽ RAIDCO Kerala LTD ക്ക് നൽകുവാനുള്ള തുക (11813/-) പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയെങ്കിലും നാളിതുവരെയും നൽകാതെ നിർവ്വഹണ ഉദ്യാഗസ്ഥന്റെ ടി.എസ്.ബി. അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ചിരിക്കുന്നു.

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 25 ന് കൂടുതലായി ചെലവാക്കിയ പ്ലാൻഫണ്ട് തുക തിരികെ അടയ്ക്കുന്നതാണെന്നും ഗുണഭോക്തൃ ഇനത്തിൽ RAIDCO Kerala LTD ന് നൽകുവാനുള്ള തുക അടിയന്തിരമായി നൽകി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്നും മറുപടി ലഭിച്ചു. നടപടി കൈക്കൊണ്ട് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വി.ഇ.ഒ യുടെ അക്കൗണ്ടിൽ അധികമായി അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കേണ്ടതാണ്.

*വി.ഇ.ഒ നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ നിലവിൽ (21-08-2017) 168952/- രൂപയുടെ ബാലൻസ് കാണുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുകസംബന്ധിച്ച വിശദാംശം, പ്രസ്തുത തുക ഏത് പ്രോജക്ടിനുവേണ്ടി അനുവദിച്ചതാണെന്നുമുള്ള വിവരങ്ങൾ, തുക ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ സാഹചര്യം എന്നിവ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (no.18/ 21.08.2017) ലഭിച്ച മറുപടിയിൽ ഒ.ഡി.എഫ് പദ്ധതിപ്രകാരം ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുകയാണ് അവശേഷിക്കുന്നതെന്നും ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാത്ത പക്ഷം പ്രസ്തുത തുക ശുചിത്വമിഷനിൽ തിരിച്ചടയ്ക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.*

## 3-4 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകതകൾ

| ക്രമ നം. | പ്രോജക്ട് നം , പേര് | അടങ്കൽ തുക | ബിൽ നം., തീയതി, ചെലവ് തുക | ഇനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | SO103/17, ഐ.കെ.എം വിഹിതം നൽകൽ | 87658 (വികസന ഫണ്ട്) | 22P103/17, 30.01.17 87658 | ഐ.കെ. എം-ന് തുക നൽകിയത് | കൈപ്പറ്റ് / വിനിയോഗസാക്ഷ്യപത്രം ഇല്ല |
| 2 | SO194/17, കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലും ടാപ്പ് സ്ഥാപിക്കലും | 1636097 (ലോക ബാങ്ക് സഹായം) | 28,194/17 18.02.17 1296156/- proj.no 194/17 22.03.17 339941/- | കെ. ഡബ്യൂ. എ-ക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. | കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം , എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ എന്നിവയില്ല |
| 3 | SO177/17 കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 550000 (വികസന ഫണ്ട്) | 29,177/17 18.02.17 550000/- | കെ.ഡബ്യൂ. എ-ക്ക് തുക ഡെപ്പോസിറ്റ് ചെയ്തു. | കൈപ്പറ്റ് , വിനിയോഗസാക്ഷ്യപത്രം , എസ്റ്റിമേറ്റ്, സൈറ്റ് പ്ലാൻ എന്നിവയില്ല |
| 4 | SO205/17 സമ്പൂർണ്ണ വൈദ്യുതീകരണം പഞ്ചായത്ത് വിഹിതം നൽകൽ | 419838 (വികസന ഫണ്ട്) | 31,205/17 28.02.17 419838/- | കെഎസ് ഇബിയ്ക്ക് നൽകിയത് | വിനിയോഗസാക്ഷ്യപത്രം ഇല്ല |

| | | | | | |
|---|---|---|---|---|---|
| 5 | SOO10/17<br>ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കലും വൈദ്യുതി ലൈൻ ദീർഘിപ്പിക്കലും | 183385(വികസന ഫണ്ട്) | 9,10/17<br>29.09.16<br>10272/-<br>11, electricpost shifting<br>30.09.16<br>43519/-<br>proj.no 10/17 (kseb)18.03.17<br>11709/- | കെഎസ് ഇബിയ്ക്ക് നൽകിയത് | വിനിയോഗസാക്ഷ്യപത്രം ഇല്ല |

മേൽ വിഷയങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 27 ന് മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭിച്ചു.

## 3-5 എസ്.എൽ.ഐ., ജി.ഐ.എസ്. വരിസംഖ്യ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഒടുക്കുവരുത്തിയിട്ടില്ല

ഓഡിറ്റ് വർഷത്തെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗ്രാമപഞ്ചായത്ത് ജീവനക്കാർ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ എസ്.എൽ.ഐ., ജി.ഐ.എസ്. വരിസംഖ്യ ഒടുക്കുവരുത്തിയിട്ടില്ല. (2017 ഫെബ്രുവരി മാസത്തെ ശമ്പളബിൽ പ്രകാരമുള്ള ഒടുക്കുകൾ ചുവടെ ചേർക്കുന്നു.)

എസ്.എൽ.ഐ.

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, | അടിസ്ഥാന ശമ്പളം | SLI, സർക്കാർ നിശ്ചയി ച്ചിട്ടുള്ള നിരക്ക് (1.1.17 മുതൽ) | SLI ഒടുക്കുവരു ത്തിയത് |
|---|---|---|---|
| ശ്രീ.ഗോപകുമാർ.ജി അസിസ്റ്റന്റ് സെക്രട്ടറി | 38500 | 500 | 150 |
| ശ്രീ.കിരൺചന്ദ്. എസ്.ഡി ഹെഡ് ക്ലർക്ക് | 34800 | 300 | 250 |
| ശ്രീമതി.സബീനബീവി.എസ് | 33100 | 300 | 150 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് | | | |
| ശ്രീ.ഹരികൃഷ്ണൻ.വി<br>ഒ.എ | 23400 | 300 | 150 |
| ശ്രീ.മിൽകാ സിംഗ്<br>ഒ.എ | 25850 | 300 | 200 |

GIS

| ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, | ശമ്പള സ്കെയിൽ | GIS,സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് (1.9.16 മുതൽ) | GIS ഒടുക്കുവരുത്തിയത് |
|---|---|---|---|
| ശ്രീ.വിമൽകുമാർ.ടി<br>സീനിയർ ക്ലർക്ക് | 25200-54000 | 400 | 200 |
| ശ്രീ.ഹരികൃഷ്ണൻ.വി<br>ഒ.എ | 17000-37500 | 400 | 300 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം 32 ന് പോളിസി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 3-6 ആയുർവേദം,അലോപ്പതി മരുന്നുകൾ ലഭിച്ചിട്ടില്ല.

ആയുർവേദം, ഹോമിയോപ്പതി മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചുവെങ്കിലും നാളിതുവരെയും മരുന്നുകൾ മുഴുവനും ലഭിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നം /പേര് | അടങ്കൽതുക/ ചെലവ് തുക/ ഫണ്ടിനം | ബിൽ നം / തീയതി | തുക നൽകിയതിന്റെ വിശദാംശം | നിർവ്വണോദ്യോഗസ്ഥൻ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | SO123/17 ആയുർവേദആശുപത്രിക്ക്മരുന്ന് വാങ്ങൽ | 700000/-<br>700000/-<br>(വി.ഫ. ജനറൽ) | C.B.No117/ 07.01.17 | ബിൽ പ്രകാരം പിൻവലിച്ച തുക ഔഷധിക്ക് കൈമാറിയിട്ടുണ്ട്. | എം ഒ, ആയുർവേദം | 323256/- രൂപയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 2 | SO122/17 ഹോമിയോആശുപത്രിക്ക്മരുന്ന് വാങ്ങൽ | 200000/-<br>160000/- | C.B.No117/ 04.03.17 | ബിൽ പ്രകാരം പിൻവലിച്ച തുക മരുന്ന് | എം ഒ ഹോമിയോ. | 200000/- രൂപയുടെ മരുന്നുകൾ |

| | | | | | | |
|---|---|---|---|---|---|---|
| | | (വി.ഫ. ജനറൽ 100000/-, തനത് ഫണ്ട് l00000/-) | | വാങ്ങുന്നതിന് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. | | ലഭിച്ചിട്ടില്ല. |

മരുന്നുകൾ ലഭ്യമാകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെ മരുന്ന് വാങ്ങി - 609711/-രൂപ തടസ്സപ്പെടുത്തുന്നു.

2016-17 കാലയളവിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരുന്നുവാങ്ങൽ പ്രോജക്ടുകളിൽ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ്, ബിൽബുക്ക് എന്നിവ ലഭ്യമാക്കിയില്ല.

1) SO198/17,പി.എച്ച്.സി കൾക്ക് മരുന്ന് വാങ്ങൽ

2) SO173/17,വയോജന പരിപാലനം (എസ്.സി)

3) SO124/17,സാന്ത്വന ചികിത്സ

4) S0120/17,വയോജന പരിപാലനം (ജനറൽ)

ചെലവ് തുകകൾ

| സ്ഥാപനം | ഇൻവോയിസ്/ബിൽ നം | തുക |
|---|---|---|
| കാരുണ്യ | 7479, 29.03.17 | 59661 |
| കാരുണ്യ | 710, 23.05.17 | 28882 |
| കാരുണ്യ | 7481, 29.03.17 | 15144 |
| കാരുണ്യ | 7480, 29.03.17 | 27256 |
| കാരുണ്യ | 1349, 29.06.17 | 69806 |
| കാരുണ്യ | 1348, 29.06.17 | 108962 |
| സപ്ലൈക്കോ, ചിറയിൻകീഴ് | 1613531,18.02.1017 | 300000 |

| | |
|---|---|
| ആകെ | 609711 |

ജി.ഒ(എം.എസ്)4/2016/തസ്വഭവ, 11.01.2016 പ്രകാരം മരുന്ന് വാങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്ന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. ഈ അപാകതകളുടെ വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 33 ന് മറുപടി ലഭ്യമായില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 609711/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 ഫിറ്റ്നെസ് സെന്റർ - രേഖകൾ ഹാജരാക്കിയില്ല- 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - SO143/17

അടങ്കൽ - 300000 /-

ചെലവ് - 300000/-

ഇൻവോയിസ് നം തീയതി - 447, 24.03.17, 295950/- 448, 25.03.17, 4050/-

(BODY FITNESS SOLUTIONS TC -14/4191, കൈലാസ്, കേശവദാസപുരം, പട്ടം പി.ഒ)

മേൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയില്ല.

1. ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ
2. ഗുണഭോക്താക്കളുടെ രജിസ്റ്റർ, ഹാജർ പുസ്തകം (ഫിറ്റ്നെസ്, യോഗ എന്നിവയുടെ)
3. ക്വട്ടേഷനിൽ ഇല്ലാതെ മാറ്റ് വാങ്ങിയിരിക്കുന്നതിന്റെ കമ്മിറ്റി തീരുമാനം.
4. ട്രെഡ്മിൽ ഒരെണ്ണം വാങ്ങുന്നതിനായി ക്വട്ടേഷൻ നൽകുകയും രണ്ടെണ്ണം വാങ്ങുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട കമ്മിറ്റി തീരുമാനം.
5. ബിൽ ബുക്ക്.

ഈ വിഷയത്തിൻമേൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 24ന് മറുപടി ലഭ്യമായില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 3,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 അംഗനവാടി പോഷകാഹാര പരിപാടി- നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പ്രോജക്ട് നം. - SO125/17

പേര് - അംഗനവാടി പോഷകാഹാര പരിപാടി

അടങ്കൽ - 2500000/- (വികസന ഫണ്ട്-1500000/-)

(കേന്ദ്രാവിഷ്കൃതം- 1000000/-)

ചെലവ് - 2150751/- (വികസന ഫണ്ട്-1300146/-) (കേന്ദ്രാവിഷ്കൃതം- 850605/-)

ബിൽ നം., തുക, തീയതി - feeding,nutrimix,531726/-, 29.12.16

vr aug to dec16,55445/-, 21.02.17

anganwadi feeding,561174/-, 18.03.17

anganwadi feeding, 151801/-, 31.03.17

ജി.ഒ(എം.എസ്)4/2016 തസ്വഭവ 11.01.2016 പ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവരുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്കു പുറമേ ഗ്രാമസഭ അംഗങ്ങളിൽ നിന്നും പൊതു സമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം .ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാര/ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടും പഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്.

മേൽ പ്രോജക്ടിന് ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. ഇതിൻമേൽ നൽകിയ എൻക്വയറി നം.21*ന് അടുത്ത ഗ്രാമസഭയിൽ ഓരോ വാർഡിലും നിരീക്ഷണ കമ്മിറ്റി തെരഞ്ഞെടുക്കുന്ന താണെന്ന് മറുപടി ലഭിച്ചു.

## 3-10 <u>അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തുന്നില്ല</u>

അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും മെയ് മാസം പത്താം തീയതിയ്ക്ക് മുൻപ് തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ/ ഓവർസിയർ വാടക കെട്ടിടത്തിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികളും സന്ദർശിച്ച് അവയുടെ ഫിറ്റ്നസ്സ് ഉറപ്പുവരുത്തി സർട്ടിഫിക്കേറ്റ് നൽകണമെന്നും തദ്ദേശ സ്ഥാപനത്തിന്റെ അധ്യക്ഷൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, എഞ്ചിനീയർ, അങ്കണവാടി വർക്കർമാർ എന്നിവർ അടങ്ങുന്ന സമിതി മെയ് മാസം മുപ്പതിനകം ഫിറ്റ്നെസ്സ് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണെന്ന് 22.03.2011-ലെ 31055/DC2/2011/LSGD നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട് എ.ഇ ക്കു നൽകിയ ഓഡിറ്റ് എൻക്വയറി നം 13 ന് 2016-17 സാമ്പത്തിക വർഷത്തിൽ അങ്കണവാടികളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്. എന്നാൽ ഈ വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടറിക്ക് നൽകിയ എൻക്വയറി നം 20 ന് പ്രസ്തുത കെട്ടിടങ്ങൾ സുരക്ഷിതാവസ്ഥയിലാണ് എന്ന് മാത്രമാണ് മറുപടി ലഭിച്ചത്. അങ്കണവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് ഉറപ്പ് വരുത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 3-11 <u>പത്താംതരം തുല്യതാ കോഴ്സ് - അധികമായി നൽകിയ തുക ക്രമപ്പെടുത്തണം</u>

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പ്രവർത്തനം (പ്രോജക്ട് നം.SO200/17, അടങ്കൽ തുക – 25000 (തനത് ഫണ്ട്)) പദ്ധതിയുടെ ഭാഗമായി പത്താംതരം തുല്യതാ കോഴ്സിന് 14 വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസിനത്തിൽ ആകെ 21000/- രൂപ (1500 x 14) തനത് ഫണ്ടിൽ നിന്നും, 29.03.2017 ന് സാക്ഷരതാമിഷന് അക്കൗണ്ട് ട്രാൻസ്ഫറായി നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 13 പേരുടെ ലിസ്റ്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. കൂടാതെ സാക്ഷരതാമിഷനിൽ ഒടുക്കിയതിന്റെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നം. 30 ന് 14 പേരിൽ ഒരാൾ പഠനം ഉപേക്ഷിച്ചുവെന്നും അടച്ച തുക അടുത്ത ബാച്ചിൽ ക്രമപ്പെടുത്തുന്നതാണെന്നും മറുപടി നൽകി. തുക ക്രമപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 188 |
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1485 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1664 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | ഇല്ല |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 225 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 202 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 19 |

| | |
|---|---|
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 19 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 405 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 198 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 162 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 58711 |
| ലേബർ കംമ്പോണന്റ് | 17004000 |
| ആകെ വരവ് | 17693000 |
| ആകെ ചെലവ് | 17631000 |

## 3-13 ആശ്രയ പദ്ധതി - അവലോകനം

*ഗ്രാമപഞ്ചായത്തിലെ നിരാശ്രയരായഅഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി അടിസ്ഥാന സൗകര്യം നൽകി സമൂഹത്തിലെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്ന തിനുമായി ആവിഷ്കരിച്ച പദ്ധതിയാണ് ആശ്രയ . ആശ്രയപദ്ധതിയുടെ 2016-17 വർഷത്തെ കണക്കുകൾ ചുവടെ കൊടുക്കുന്നു.*

| | |
|---|---|
| 2016-17 വരെ ഭവന നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 2 |

| | |
|---|---|
| | |
| ചെലവഴിച്ച തുക | 475000 |
| 2016-17 വരെ ഭവന പുനരുദ്ധാരണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| ചെലവഴിച്ച തുക | - |
| 2016-17 വരെ ശുചിത്വ കക്കൂസ് നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| ചെലവഴിച്ച തുക | - |
| 2016-17 വരെ കുടിവെള്ള കിണർ നിർമ്മാണ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| ചെലവഴിച്ച തുക | - |
| 2016-17 വരെ ചികിത്സാ ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഇല്ല |
| പദ്ധതിക്കായി നൽകിയ വികസന ഫണ്ട് | 67418 |
| ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 423798/-<br>(ആഹാരം-394798<br>വിദ്യാഭ്യാസം -29000) |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

*ഇല്ല*

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

*ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.*

| നിർവഹണ ഏജൻസി | പ്രോജക്ട് നം. | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്യൂ.എ | 194/17 | 967 | 1296156 | - | യു.സി. ലഭ്യമായിട്ടില്ല |
| കെ.ഡബ്യൂ.എ | 177/17 | 965 | 550000 | - | യു.സി. ലഭ്യമായിട്ടില്ല |
| കെ.എസ്. ഇ.ബി | 205/17 | 966, 22.02.17 | 419838 | - | യു.സി. ലഭ്യമായിട്ടില്ല |
| കെ.ഡബ്യൂ.എ | 194/17 | 1144, 27.03.17 | 339941 | - | യു.സി. ലഭ്യമായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ

## വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 31, 32 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ എന്ന ഭാഗം | അംഗൻവാടിയ്ക്ക സ്ഥലം വാങ്ങിയതിലെ അപാകത | ബഹു. നിയമസഭ സമിതിയുടെ പരിഗണനയിലാണ് |
| 2000-01 | 33 | 2003-04 | മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ എന്ന ഭാഗം | മുത്താന-പുതുവൽ കോളനി റോഡ് മെറ്റലിംഗ്-ടാറിംഗിന് അധിക തുക നൽകിയത് | ബഹു.നിയമസഭ സമിതിയുടെ പരിഗണനയിലാണ് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 65953524/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51800976/- |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2961 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 909711 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2961 | ശ്രീ.കെ.ശശിധരൻ, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 50000 | ശ്രീ.സലിൻ സോണി, എ.എസ്.<br>ശ്രീ.ഗോപകുമാർ.കെ.ജി., എ.എസ്. |
| 3-7 | 609711 | ശ്രീ.അൻവർ അബ്ബാസ്, എം.ഒ, പി.എച്ച്.സി |
| 3-8 | 300000 | ശ്രീ.അൻവർ അബ്ബാസ്, എം.ഒ, പി.എച്ച്.സി |
| ആകെ | 959711 | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ശശിധരൻ,<br>കൃഷി ഓഫീസർ | - | സോപാനം, പകൽക്കുറി.പി.ഒ,<br>തിരുവനന്തപുരം. |

## **4-9** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകള്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.ടി.ഡി.ജി.പി. 9/25/03<br>തീ: 02.07.2014 | ഖണ്ഡിക20 | |
| 2002-03 | എൽ.എഫ്.ടി.ഡി.ജി.പി. 9/954/04തീ:02.07.2014 | 2.2, 2.5, 2.9, 2.10(1), 2.10(2), 2.10(3), 2.11, 2.12 - 8 | |
| 2003-04 | എൽ.എഫ്.ടി.ഡി.ജി.പി. 9/592/07തീ:02.07.2014 | 3.5, 3.7, 3.10, 3.14- * | |
| 2004-05 | എൽ.എഫ്.ടി.ഡി.ജി.പി. 9/369/08തീ:02.07.2014 | 2(1),3-1(4),3-6(1),3-6(2),3-8, 3-8(1), 3-9,3-10,3-11 -9 | |
| 2005-06 | എൽ.എഫ്.ടി.ഡി.ജി.പി. 7/370/08തീ:02.07.2014 | 3-1,3-2,3-4,3-5,3-7,3-8 -6 | |
| 2006-07 | എൽ.എഫ്.ടി.ഡി.ജി.പി.7/1443/09<br>തീ: 02.07.2014 | 2-1(1),2-1(2),2-1(1),2-2(2),<br>2-2(3),2-3,3-1,3-2,3-4,3-5,3-6,<br>3-8, 3-9, 3-10,3-11,3-12,3-14 -17 | |
| 2007-08 | എൽ.എഫ്.ടി.ഡി.ജി.പി.7/1940/09<br>തീ: 09.12.2014 | 3-8 -1 | |
| 2008-09 | എൽ.എഫ്.ടി.ഡി.ജി.പി.7/2458 /11 തീ: 19.09.2014 | 3-3(4),3-6,3-7,3-8,3-9 -5 | |
| 2009-10 | എൽ.എഫ്.ടി.ഡി.ജി.പി.7/2559/11<br>തീ: 30.10.2014 | 2(1),2(2),2(3)-A,2(4)-1,3-1,3-2,<br>3-4,3-5,3-6,3-7,3-8,3-9 -12 | |
| 2010-11<br>2011-12 | എൽ.എഫ്.ടി.ഡി.ജി.പി.7/1350/13<br>തീ: 09.10.2014 | 2(1),2(2),3(1) -3 | |
| 2012-13 | എൽ.എഫ്.ടി.ഡി.ജി.പി. 7/855/14തീ:02.07.2014 | 1 മുതൽ 4(1) വരെ | |
| 2013-14 | എൽ.എഫ്.ടി.ഡി.ജി.പി. 7/688/15തീ:08.07.2015 | 1 മുതൽ 3(8) വരെ | |
| 2014-15 | കെ .എസ്.എ.റ്റി.വി.എം.ജിപി7/ 1369/2016 തീയതി 1-8-16 | 1 മുതൽ 3(10) വരെ | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം. ജി.പി. /2074/2016 | 9 | |

ഒപ്പ്

ഡെപ്യൂട്ടിഡയറക്ടർ,
സംസ്ഥാന ഓഡിറ്റ്
വകുപ്പ്.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ്നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെ ചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ ചെമ്മരുതി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

1. ആസ്തികളുടെ മൂല്യനിർണയം നടത്തിയിട്ടില്ല.
2. കെട്ടിടനികുതി കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക ധനകാര്യ പത്രികയിലെ കളക്ഷൻ, ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

ഒപ്പ്

ഡെപ്യൂട്ടിഡയറക്ടർ,
സംസ്ഥാന ഓഡിറ്റ് വകുപ്പ്.